"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. **ഡിഎ1/60/2025-തസ്വഭവ**
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 26-07-2025

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - കാഴ്ച പരിമിതരായ വിദ്യാർത്ഥികൾക്ക് കോഴ്സിനനുസൃതമായി പ്രതിമാസ സ്കോളർഷിപ്പും വാർഷികബത്തയും അനുവദിക്കുന്നതും യാത്രാബത്ത നൽകുന്നതും - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ് സ്റ്റുഡന്റ്സ് ഫോറം പ്രസിഡന്റിന്റെ കത്ത്

**********************

സൂചന 1 സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 7.1.6 (എ)-ൽ പരാമർശിക്കുന്ന നിരക്കിൽ ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും യാത്രാബത്തയും നൽകുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് ചലനവൈകല്യമുള്ള ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കൂളിൽ പോകുന്ന മാസങ്ങളിൽ മാത്രം യാത്രാബത്തയായി പ്രതിമാസം 400/- രൂപ നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് വ്യത്യസ്ത കോഴ്സുകൾക്ക് വ്യത്യസ്ത നിരക്കുകളും അതുപ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

കാഴ്ച പരിമിതർക്ക് യാത്രാബത്തയോ കോഴ്സിനനുസൃതമായ തുകയോ നൽകാൻ മാർഗ്ഗരേഖയിൽ വ്യവസ്ഥയില്ല എന്നും, ആയതിനാൽ എല്ലാ കാഴ്ച പരിമിതർക്കും കോഴ്സുകൾക്കനുസൃതമായി സ്കോളർഷിപ്പ് അനുവദിക്കുകയും, പൂർണ്ണമായി കാഴ്ചപരിമിതി നേരിടുന്നവർക്ക് യാത്രാബത്ത നൽകണമെന്നും സൂചന 2 പ്രകാരം ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സൂചിത മാർഗ്ഗരേഖയുടെ ഖണ്ഡിക 7.1.6 (എ) ചുവടെ പ്രകാരം വ്യക്തത വരുത്തുന്നു;

- പൂർണ്ണമായും കാഴ്ചശക്തി ഇല്ലാത്തവർ ചലന വൈകല്യമുള്ളവരെ പോലെ തന്നെ സഞ്ചരിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നവരായതിനാൽ, അവർക്കും മാർഗ്ഗരേഖയുടെ ഖണ്ഡിക 7.1.6 (എ)-ൽ പരാമർശിക്കുന്ന പ്രകാരം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം 400/- രൂപ നിരക്കിൽ യാത്രാബത്ത അനുവദിക്കാവുന്നതാണ്.

- ബി.എഡ്, പി.എച്ച്.ഡി കോഴ്സുകൾക്ക് പഠിക്കുന്ന പൂർണ്ണമായും കാഴ്ച ശക്തി ഇല്ലാത്തവർക്കും 40%-ലധികം കാഴ്ചപരിമിതിയുള്ളവർക്കും, മാർഗ്ഗരേഖയുടെ ഖണ്ഡിക 7.1.6 (എ)-ൽ ബിരുദാനന്തര ബിരുദക്കാർക്ക് പരാമർശിക്കുന്ന പ്രകാരം പ്രതിമാസ സ്കോളർഷിപ്പും വാർഷികബത്തയും നൽകാവുന്നതാണ്.

ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
26. പ്രസിഡന്റ്, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ് സ്റ്റുഡന്റ്സ് ഫോറം, വഞ്ചിയൂർ പി.ഒ. - 695035
27. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 26-07-2025 11:40:13

സെക്ഷൻ ഓഫീസർ.